# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2274 — 17/06/2014-ൽ മറുപടിക്ക്

## ആറളം ഫാമിൽ സ്ഥലം വാങ്ങിയതിന്റെ ഉദ്ദേശ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) | പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് ആറളം ഫാമിൽ എത്ര സ്ഥലം എന്താവശ്യത്തിനായാണ് വിലയ്ക്ക് വാങ്ങിയത് ; | എ | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി 2001 ൽ രൂപീകരിക്കപ്പെട്ട ആദിവാസി പുനരധിവാസ വികസന മിഷന്റെ കണ്ണൂർ ജില്ലയിലെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ അധീനതയിലായിരുന്ന ആറളം ഫാമിന്റെ 3060 ഹെക്ടർ ഭൂമി സംസ്ഥാന സർക്കാർ 42.09 കോടി രൂപ നൽകി വാങ്ങി. ഇതിൽ 1530 ഹെക്ടർ ഭൂമി ഫാമായിതന്നെ നിലനിർത്തുകയും ബാക്കിയുള്ള 1530 ഹെക്ടർ ഭൂമി ആദിവാസികളുടെ പുനരധിവാസത്തിനായി മാറ്റി വച്ച് വിതരണം ചെയ്യുകയും ചെയ്തുവരുന്നു. |
| ബി) | ഏത് ഫണ്ട് ഉപയോഗിച്ചാണ് സ്ഥലം വാങ്ങിയത് ; സ്ഥലം വാങ്ങിയ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിച്ചോ ; | ബി | സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ നിന്നും 42.09 കോടി രൂപ നൽകി സ്ഥലം വാങ്ങി. പുനരധിവാസ മേഖലയ്ക്കായി നീക്കിവച്ചതിൽ വിതരണയോഗ്യമായ ഭൂമി 6 ബ്ലോക്കുകളിലായി 3495 പ്ലോട്ടുകളിലായി |
| സി) | ഇപ്പോൾ ഈ സ്ഥലം എന്താവശ്യത്തിനായി ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | സി | തിരിച്ചു. വിവിധ ഘട്ടങ്ങളിലായി ആകെ 3097 പേർക്ക് കൈവശരേഖ വിതരണം ചെയ്തു. പുനരധിവാസ പ്രവർത്തനങ്ങൾ ഇവിടെ തുടർന്നുവരുന്നു. ഫാമായി തുടരുന്നതിന് മാറ്റി വച്ച ഭൂമി ആറളം ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡ് കമ്പനിയുടെ നിയന്ത്രണത്തിലാണ്. ആറളം ഫാമിംഗ് കോർപ്പറേഷൻ, പുനരധിവാസ കേന്ദ്രങ്ങളിൽ ഒരു സേവനദാതാവായി പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ